ശ്രീ. ബിനോയ് വിശ്വം : നിയമപരമായ വിഷയങ്ങളെല്ലാം ഉള്ളപ്പോൾ നമുക്ക് അത് മറികടക്കാൻ മാർഗ്ഗമില്ല. അതാണ് ഇതിലെ സങ്കീർണ്ണത. ആ സങ്കീർണ്ണതകൾ മറികടക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ ശ്രീ. ജോർജിനെ സഹായിക്കാൻ മാനുഷികമായ എല്ലാ മാർഗ്ഗങ്ങളും നോക്കാൻ തയ്യാറായിരിക്കും.

(20) അടയ്ക്കാ കർഷകർക്ക് ധനസഹായം

ശ്രീ. സി. എച്ച് കുഞ്ഞമ്പു : 2010-11 വർഷത്തിലെ ബഡ്ജറ്റിൽ 10 കോടി രൂപ അടയ്ക്കാ കർഷകർക്കുവേണ്ടി വകയിരുത്തിയിരുന്നു. എന്നാൽ ആ തുക വിതരണം ചെയ്യുന്നതിനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. വിലത്തകർച്ചമൂലം ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് അടയ്ക്കാ കർഷകരാണ്. ഈ കർഷകർക്ക് തെല്ല് ഒരു ആശ്വാസം നൽകുന്ന പദ്ധതിയാണ് സ്പെഷ്യൽ പാക്കേജിലൂടെ ഉണ്ടാകുന്നത്. അതുകൊണ്ട് ഈ തുക അടിയന്തരമായി അർഹതപ്പെട്ട കർഷകർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരളത്തിലെ അടയ്ക്കാ കർഷകർ നിരവധി പ്രശ്നങ്ങളാൽ ദുരിതമനുഭവിക്കുന്നവരാണ്. കമ്പോള വിലയിടിവ്, മഞ്ഞളിപ്പ് രോഗം, മഹാളി രോഗം, ഉൽപ്പാദനക്ഷമത കുറവ് എന്നിവ ഇതിന് പ്രധാന കാരണങ്ങളാണ്. അടയ്ക്കാ ഉത്പന്നങ്ങളായ ഹുഡ്ക, പാൻമസാല തുടങ്ങിയ ഉത്പന്നങ്ങൾക്ക് ചില സംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയ നിരോധനവും അയൽ രാജ്യങ്ങളിൽ നിന്ന് ഇൻഡ്യയിലേക്ക് നിയമാനുസൃത മാർഗ്ഗങ്ങളിൽ കൂടിയും അല്ലാതെയുമുള്ള ഇറക്കുമതി എന്നിവയും ഇതിന് ആക്കം കൂട്ടുന്നുണ്ട്. ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയിലൂടെ വിലത്തകർച്ചയിൽപ്പെട്ട് ഉഴലുന്ന അടയ്ക്കാ കർഷകരെ അതിൽനിന്നും രക്ഷിക്കാൻ പര്യാപ്തവും സംസ്ഥാനത്ത് അർഹതപ്പെട്ട മൊത്തം അടയ്ക്കാ കർഷകർക്കും ആനുകൂല്യം ലഭ്യമാക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളതെങ്കിലും പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാനും തുടർന്ന് ബഡ്ജറ്റ് വഴി ലഭ്യമാകുന്ന അധിക തുകയ്ക്ക് അനുസൃതമായി മറ്റ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കൃഷി വകുപ്പ് കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അടയ്ക്കാ പാക്കേജ് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ നാല് ഹെക്ടർവരെ കൃഷി ഭൂമിയുള്ളവരും മുഖ്യമായും അടയ്ക്കാ കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരുമായ കൃഷിക്കാർക്ക് വിള പരിപാലനത്തിന് അടയ്ക്ക മരം ഒന്നിന് പത്ത് രൂപവച്ച് ധനസഹായം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സഹായധനം പണമായി ലഭ്യമാക്കുന്ന വിധമാണ് പദ്ധതി നടപ്പാക്കുന്നത്. അടയ്ക്കാ പാക്കേജ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ധനകാര്യ-ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പുകളുമായി കൂടിയാലോചിച്ച് എത്രയും വേഗം നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly